പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ : 356 15/03/2018 - ൽ മറുപടിക്ക്

## സഹകരണ മേഖലയിലെ ഭവന നിർമ്മാണ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.കെ.ഡി.പ്രസേനൻ<br>ശ്രീ.എം.നൗഷാദ് | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സ്ഹകരണവും വിനോദ സഞ്ചാരവും<br>ദേവസ്വവും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സഹകരണ മേഖലയിൽ നടപ്പിലാക്കി വരുന്ന ഭവന നിർമ്മാണ പദ്ധതികൾ ഏതൊക്കെയാണ്; | എ) | സംസ്ഥാനത്ത് സഹകരണ മേഖലയിൽ പ്രത്യേക ഭവന നിർമ്മാണ പദ്ധതികൾ നിലവിലില്ല. എന്നാൽ സഹകരണ സംഘങ്ങളുടെ നിയമാവലിക്കും ഉപനിബന്ധനകൾക്കും വിധേയമായി ഭവന നിർമ്മാണത്തിനും ഭവനങ്ങൾ വാങ്ങുന്നതിനും വായ്പ അനുവദിക്കുന്നു. കൂടാതെ പുതുക്കലിനും അറ്റകുറ്റപണികൾക്കും വായ്പ നൽകി വരുന്നു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സർക്കാർ നടപ്പിലാക്കിയിട്ടുള്ള ഇ.എം.എസ് ഭവന വായ്പ പദ്ധതിയിലും ഇന്ദിര ആവാസ് യോജന പദ്ധതിയിലും ഭവനശ്രീ പദ്ധതിയിലും സഹകരണ സംഘങ്ങൾ വായ്പ നൽകി പങ്കാളിത്തം വഹിക്കുന്നു. |
| ബി) | ഈ പദ്ധതി പ്രകാരം ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുക്കാൻ കഴിയുമെന്ന് ഒരാൾക്ക് പരമാവധി എത്ര രൂപ ഭവന വായ്പയായി ലഭിക്കുമെന്നും വ്യക്തമാക്കാമോ; | ബി) | ഹൗസിംഗ് സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക സഹകരണ സംഘങ്ങൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ, ജില്ലാ സഹകരണ ബാങ്കുകൾ, സംസ്ഥാന സഹകരണ ബാങ്ക്, ഹൗസ് ഫെഡ് എന്നിവിടങ്ങളിൽ നിന്നും അംഗങ്ങൾക്ക് ഭവന വായ്പ അനുവദിക്കുന്നു. പ്രാഥമിക സഹകരണ സംഘങ്ങളിൽ/ ബാങ്കുകളിൽ ഒരാൾക്ക് 10 വർഷക്കാലാവധിയിൽ പരമാവധി 25 ലക്ഷം രൂപയും പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിൽ 15 വർഷ കാലാവധിയിൽ 20 ലക്ഷം രൂപയും വീട് പുതുക്കി |

| | | | |
|---|---|---|---|
| | | | പണിയുന്നതിന് 7 വർഷ കാലാവധിക്ക് 5 ലക്ഷം രൂപയും ജില്ലാ സഹകരണ ബാങ്കുകളിൽ 15 വർഷ കാലാവധിക്ക് പരമാവധി 25 ലക്ഷം രൂപയും സംസ്ഥാന സഹകരണ ബാങ്ക് 15 വർഷ കാലാവധിക്ക് 40 ലക്ഷം രൂപയും ഭവന വായ്പ നൽകി വരുന്നു. |
| സി) | കേരള സംസ്ഥാന സഹകരണ ഭവന നിർമ്മാണ ഫെഡറേഷൻ ഈ രംഗത്ത് നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; | സി) | വായ്പക്കാരന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കും, മദ്ധ്യ വരുമാന വിഭാഗങ്ങളിലുള്ളവർക്കും യഥാക്രമം 12%, 12.5% പലിശ നിരക്കിൽ പുതിയ വീട് നിർമ്മിക്കുന്നതിന് 15 ലക്ഷം രൂപയും വീടിന്റെ അറ്റകുറ്റപ്പണികൾക്കായി പരമാവധി 7.50 ലക്ഷം രൂപയും ഭവന വായ്പയായി നൽകി വരുന്നു. |
| ഡി) | ഫെഡറേഷന്റെ മുഖ്യ ധനസമാഹരണ മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്നും അംഗങ്ങൾക്ക് കുറഞ്ഞ ചെലവിൽ വീട് നിർമിക്കുന്നതിന് തിരിച്ചടവ് എളുപ്പമായ രീതിയിൽ വായ്പ നൽകുവാൻ ഫെഡറേഷൻ സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | ഡി) | ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ, നാഷണൽ ഹൗസിംഗ് ബാങ്ക്, കാനറാബാങ്ക്, ഫെഡറൽ ബാങ്ക് എന്നീ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പയെടുത്താണ് ഫെഡറേഷന്റെ വായ്പ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് സ്വരൂപിക്കുന്നത്. ഇതിനു പുറമേ എല്ലാ വർഷവും സർക്കാരിൽ നിന്നും ഓഹരി മൂലധന വിഹിതവും ലഭിക്കുന്നുണ്ട്. തിരിച്ചടവ് എളുപ്പമാക്കുന്നതിനു വേണ്ടി കുറഞ്ഞ വായ്പാഗഡു വരത്തക്ക രീതിയിൽ 15 വർഷ കാലാവധിക്ക് ദീർഘകാല വായ്പ നൽകി വരുന്നു. കൃത്യമായി തിരിച്ചടവ് നടത്തുന്ന അംഗസംഘങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി അടച്ച പലിശയുടെ 1% ഇൻസെന്റീവ് ആയി ഓരോ വർഷവും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ